# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ/ഫാക്സ് : 0471 2727379, **email : obcdirectorate@gmail.com**


BCDD/A3/974/15 തീയതി : 30/07/2015

**ഭരണഭാഷ-മാതൃഭാഷ**

**അടിയന്തരം**

**ഡയറക്ടർ**

**വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ**
**14 ജില്ലകളിലേക്കും**

**വിഷയം : പിന്നാക്ക സമുദായ വികസനം - 2015-16 ലെ ഒ.ഇ. സി ലംപ്സം ഗ്രാന്റ് - ഓൺലൈൻ അപേക്ഷകൾ Verify ചെയ്യുന്നത് സംബന്ധിച്ച്.**

**സൂചന : 1) ഈ ആഫീസിലെ 29.06.2015 ലെ ഇതേ നമ്പർ സർക്കുലറും, കത്തും**
**2) ഈ ആഫീസിലെ 29.07.2015 ലെ ഇതേ നമ്പർ കത്ത്**

**മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ അധ്യയന വർഷത്തെ ഒ.ഇ.സി ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിനായി അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ <u>www.scholarship.itschool.gov.in</u> എന്ന സ്കോളർഷിപ്പ് പോർട്ടലിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ച് സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സ്കൂളുകൾക്ക് ഓൺലൈൻ ഡാറ്റാ എൻട്രിയ്ക്കുള്ള സമയം സൂചന 2 പ്രകാരം 10.08.2015 വരെ ദീർഘിപ്പിട്ടുണ്ട്.**

**സംസ്ഥാനത്തെ Govt/Govt Aided/Recognized Unaided/Affiliated (CBSE/ICSE) സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിന് അർഹതയുണ്ട്. അൺ എയ്ഡഡ്, അഫിലിയേറ്റഡ് (CBSE/ICSE) സ്കൂളുകളിലെ അപേക്ഷകരുടെ വിവരങ്ങൾ ബന്ധപ്പെട്ട DEO/AEO എന്നിവർ <u>13.08.2015</u> നുള്ളിൽ Verify ചെയ്യേണ്ടതാണ്. എൽ.പി, യു.പി സ്കൂളുകളിലെ വിവരങ്ങൾ AEO യും, ഹൈസ്കൂളുകളിലെ വിവരങ്ങൾ DEO യും ആണ് Verify ചെയ്യേണ്ടത്. ഇതിനായി മേൽപ്പറഞ്ഞ സ്കോളർഷിപ്പ് പോർട്ടലിൽ SAMPOORNA യുടെ യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്.**

**ആവശ്യമെങ്കിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്ത അപേക്ഷകരുടെ ലിസ്റ്റിന്റെ ഹാർഡ് കോപ്പി സ്ഥാപനമേധാവിയിൽ നിന്നും വിദ്യാഭ്യാസ ആഫീസർക്ക് (DEO/AEO) ശേഖരിക്കാവുന്നതാണ്. നടപ്പു വർഷം സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നിക്ഷേപിക്കുന്നത്. എന്റർ ചെയ്ത ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമാണ് എന്ന് ഉറപ്പുവരുത്തുവാൻ സ്കൂൾ പ്രധാനാധ്യാപകർക്കും, സമയബന്ധിതമായി Verification പൂർത്തിയാക്കുന്നതിന് DEO/AEO മാർക്കും നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.**

ഡയറക്ടർ

പകർപ്പ് : എല്ലാ DEO/AEO മാർക്കും (ഇ മെയിൽ മുഖേന)
എല്ലാ **Govt/Govt Aided/Recognized Unaided/Affiliated (CBSE/ICSE)** സ്കൂൾ പ്രധാനാധ്യാപകർക്കും (DEO/AEO മുഖേന)

പിവിഎസ് 30.07.15